എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള കൗൺസിലിംഗ്

144 (2086) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള കൗൺസിലിംഗ് പൂർത്തിയായോ ;

(ബി) എത്ര വിദ്യാർത്ഥികൾ കൗൺസിലിംഗിന് ഹാജരായി എന്ന് വ്യക്തമാക്കാമോ ;

(സി) കൗൺസിലിംഗ് പൂർത്തിയായപ്പോൾ എത്ര വിദ്യാർത്ഥികൾ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും എത്ര പേർ എയ്ഡഡ് സ്ഥാപനങ്ങളിലും, എത്രപേർ സർക്കാരിന്റെ സ്വാശ്രയ സ്ഥാപനങ്ങളിലും എത്രപേർ സ്വകാര്യ സ്വാശ്രയ കോളേജുകളിലും പ്രവേശനം നേടിയിട്ടുണ്ട് എന്ന് വിശദമായി പറയാമോ ;

(ഡി) ഇനിയും കുട്ടികൾ വേണ്ടത്ര ഇല്ലാതെ സീറ്റുകൾ ഒഴിവായി കിടക്കുന്ന കോളേജുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ കോളേജുകൾ എന്ന് വ്യക്തമാക്കാമോ ;

(ഇ) ഐ.ടി. ബ്രാഞ്ചിൽ ചേരുന്നതിന് കുട്ടികൾ താൽപര്യം കാണിച്ചില്ല എന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം പൂർത്തിയായ സാഹചര്യത്തിൽ ഇവിടെ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ 'സംവരണം' പാലിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ജി) കുട്ടികളിൽ നിന്ന് ഓരോ വിഭാഗത്തിലും ഓരോ മേഖലയിലും ഈടാക്കിയ ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്പോർട്ട്സ്, എൻ.സി.സി. ശാരീരിക വൈകല്യം സംഭവിച്ചവർ എന്നിവർക്കായി നീക്കിവച്ച സീറ്റുകൾ ഒഴികെ മറ്റു വിഭാഗങ്ങളിൽ ഉള്ളവരുടെ കൗൺസിലിംഗ് പൂർത്തിയായിട്ടുണ്ട്.

(ബി) ആകെ 15,926 വിദ്യാർത്ഥികൾ കൗൺസിലിംഗിൽ പങ്കെടുത്തു.

(സി) സർക്കാർ സീറ്റുകളിൽ 2165 പേരും എയ്ഡഡ് സീറ്റുകളിൽ 948 പേരും, സർക്കാർ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 1610 പേരും, സ്വകാര്യ സ്വാശ്രയ സീറ്റുകളിൽ 4836 പേരും പ്രവേശനം നേടിയിട്ടുണ്ട്.

(ഡി) പട്ടിക വർഗ്ഗം, കലാതിലകം, യുദ്ധത്തിൽ മരിച്ച പട്ടാളക്കാരുടെ ആശ്രിതർ എന്നീ വിഭാഗങ്ങളിലുള്ള ചുരുക്കം ചില സീറ്റുകൾ ചില കോളേജുകളിൽ അവശേഷിക്കുന്നുണ്ട്.

(ഇ) ഐ.ടി. ബ്രാഞ്ചിൽ ചേരുന്നതിന് കുട്ടികൾ താൽപര്യം കാണിക്കുന്നുണ്ട്.

(എഫ്) സംവരണം പാലിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഫീസ് ഒന്നും ഈടാക്കിയിട്ടില്ല. (ഫീസ് അഡ്മിഷൻ നേടുന്ന കോളേജുകളിൽ അടച്ചാൽ മതിയാകുന്നതാണ്.)

സാക്ഷരതാ നിരക്കും സ്ത്രീപുരുഷ അനുപാതവും

145 (2087) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യാടിസ്ഥാനത്തിൽ കേരളത്തിലെ സാക്ഷരതാ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സ്ത്രീ പുരുഷ ആനുപാതം എത്രയാണ് ;

(സി) സ്കൂളുകളിൽ നിന്നും പ്രൈമറി, അപ്പർ പ്രൈമറി തലത്തിൽ കുട്ടികളുടെ വിദ്യാഭ്യാസം നിർത്തുന്ന പ്രവണത സംസ്ഥാനത്ത് നിലവിലുണ്ടോ ;

(ഡി) ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതിനുള്ള പ്രവണത തടഞ്ഞ് തുടർച്ചയായി ഹൈസ്കൂൾ തലം വരെയുള്ള വിദ്യാഭ്യാസമെങ്കിലും കുട്ടികൾക്ക് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനസംഖ്യാടിസ്ഥാനത്തിൽ കേരളത്തിലെ സാക്ഷരതാനിരക്ക് 90.92% ആണ്.

(ബി) പുരുഷൻമാർ 94.20%

സ്ത്രീകൾ 87.86%

(സി) ഉണ്ട്.

(ഡി) സർവ്വശിക്ഷ അഭിയാൻ പദ്ധതി നിലവിൽ വന്നത് മുതൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രത്യേക പ്രോഗ്രാം ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന സാക്ഷരതാമിഷന്റെ പ്രവർത്തനം

146 (2088) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ;
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാക്ഷരതാമിഷൻ പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണോ ;

(ബി) ഇതിൽ സംസ്ഥാന ഗവൺമെന്റിന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly